## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 608

11.06.2013ൽ മറുപടിക്ക്.

### വ്യവസായ സംരംഭങ്ങളിലെ സ്വകാര്യ നിക്ഷേപങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്വകാര്യ നിക്ഷേപകർ കേരളത്തിൽ മുതൽ മുടക്കാൻ തയ്യാറായി വന്നിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി. മുഖേന 45 പദ്ധതികളിന്മേൽ നിക്ഷേപ തീരുമാനം എടുത്തിട്ടുണ്ട്. സിഡ്കോയുടെ വ്യവസായ പാർക്കുകളിൽ 48 വ്യവസായ സംരംഭകർക്ക് മുതൽ മുടക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. കൂടാതെ വ്യവസായ എസ്റ്റേറ്റുകളിൽ 20 ചെറുകിട വ്യവസായ സംരംഭകർക്ക് ഭൂമി/ഷെഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ട്രേറ്റ് മുഖേന സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലകളിൽ മുതൽ മുടക്കാൻ 45027 സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ട്. |
| ബി) അവ ഏതെല്ലാം മേഖലകളിലാണെന്നും നിക്ഷേപ തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) ടൂറിസം, ഭക്ഷ്യ സംസ്കരണം, സ്റ്റീൽ, കൃഷി, വനം, മത്സ്യബന്ധനം, ഖനനം, വസ്ത്രമേഖല, തുകൽ ഉൽപാദനം, ഐ.റ്റി./ഐ.റ്റി. അധിഷ്ഠിതം, മോഡുലാർ ഫർണീച്ചർ, മെഡിക്കൽ എക്യുപ്മെന്റ്, മോഡേൺ ലോൺഡ്രി, മറ്റ് ഉത്പാദന മേഖലകൾ തുടങ്ങിയവയിലാണ് പ്രധാന നിക്ഷേപങ്ങൾ. ഇവയെല്ലാംകൂടി ഏകദേശം 7063 കോടി രൂപയുടെ നിക്ഷേപം വരും. |
| സി) സ്വകാര്യ നിക്ഷേപം ഇന്ത്യൻ വ്യവസായികളിൽ നിന്നും വിദേശനിക്ഷേപകരിൽ നിന്നും സ്വീകരിക്കാൻ സംസ്ഥാനം ഒരുക്കമുണ്ടോ; അതിനായി എന്തു നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്തെ വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ നിക്ഷേപവും വിദേശ നിക്ഷേപവും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ എമർജിംഗ് കേരള 2012 നിക്ഷേപക സംഗമം സംഘടിപ്പിക്കുകയുണ്ടായി. എമർജിംഗ് കേരളയിൽ ഉയർന്നുവന്ന നിക്ഷേപ നിർദ്ദേശങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ച് വരുന്നു. വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ, എന്നിവ ഒരുക്കി കിൻഫ്ര സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിച്ചു വരുന്നു. ജില്ലാ/താലൂക്ക് വ്യവസായ കേന്ദ്രങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള ചെറുകിട |

| | |
|---|---|
| | വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി സിഡ്കോയും അവരുടെ വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി/ഷെഡ് അനുവദിച്ചുവരുന്നു. |
| ഡി) സർക്കാർ പ്രോത്സാഹനം വഴി ഇതിനകം ലഭ്യമായ നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ? | (ഡി) കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള 31 പദ്ധതികളിലായി 689.22 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. സിഡ്കോയുടെ വ്യവസായ പ്രോത്സാഹനങ്ങൾ വഴി 5.70 കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ പ്രോത്സാഹന ഫലമായി 4920.47 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ